കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016- 17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി8-2098/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പാലക്കാട് ജില്ലാ കാര്യാലയം,
ഫോൺ:0491 520145.
ഇമെയിൽ : dopkd.ksad@kerala.gov.in.
തീയതി:21-11-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)

2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

3.അസി.ഡവലപ്പ് മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്

4.കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി8-2098/2017 തീയതി.21-11-2017

പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 4.02.2017 മുതൽ 1-11-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.കൃഷ്ണകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2.11.2017 മുതൽ 8.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | | |
| | ശ്രീമതി.രാജേശ്വരി.സി | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.വി.രാമകൃഷ്ണൻ | 1-4-2016മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീമതി. എം.ജി. രാജലക്ഷ്മി | 1-4-2016മുതൽ 13-6-2016 വരെ<br>11-11-2016 മുതൽ 31-3-2017 വരെ |
| | ശ്രീ. പി.ജി. കണ്ണൻ നായർ | 14-6-2016 മുതൽ 10-11-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. അനിത.വി.എ, (കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇൻചാർജ്ജ്) | 1-4-2016 മുതൽ 4-4-2016 വരെ |
| | ശ്രീ.സിനീഷ്.എം.എസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇൻചാർജ്ജ്) | 5-4-2016 മുതൽ 18-08-2016 വരെ |
| | ശ്രീമതി.ബീന.ബി.എസ് | 19-8-2016 മുതൽ 31-3-2017 വരെ |
| സി.ഡി.പി.ഒ | ശ്രീ. എം.ബേബിജാൻ | 1-4-2016 മുതൽ 13-1-2017 വരെ |
| | ശ്രീമതി.ചെല്ല.കെ<br>(സി.ഡി.പി.ഒ ഇൻ ചാർജ്) | 14-1-2017 മുതൽ 18-2-2017 വരെ |
| | ശ്രീമതി.എ.ജി.കുമാരി | 19-2-2017 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| സൂപ്രണ്ട്, സി.എച്ച്.സി | ഡോ.ജോവിൻ ജോസ് | 1-4-2016മുതൽ 19-10-2016 വരെ |
| | ഡോ.ഗീത | 20-10-2016മുതൽ 31-1-2017 വരെ |
| | ഡോ.ഷൈജ | 1-2-2017 മുതൽ 31-3-2017 |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.സി.സുധീർ ബാബു | 1-4-2016 മുതൽ 3-9-2016 വരെ |
| | ഡോ.ബി.ബിജു | 4-9-2016 മുതൽ 31-3-2017 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. സി.ബി. മനോജ്കുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| എസ്.സി.ഡി.ഒ | ശ്രീ. ചക്രാധരൻ.ആർ | 1-4-2016 മുതൽ 31-7-2016 വരെ |
| | ശ്രീ.മണികണ്ഠൻ.പി | 1-8-2016 മുതൽ 31-3-2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.റജീന ജോർജ്ജ് | 1-4-2016 മുതൽ 6-10-2016 വരെ |
| | ശ്രീ.ഫൈസൽ.ഐ | 7-10-2016 മുതൽ 31-3-2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അതുൽ.ആർ | 1-4-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 23-3-2016-ലെ ഭരണസമിതി തീരുമാനം നം.1 പ്രകാരം പാസാക്കി. നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ 2015-16 വർഷത്തെ ബജറ്റ് അതേപടി അംഗീകരിക്കുകയാണ് ചെയ്തത്. 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 15-6-2017 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 38214233 |
| വരവ് | 83605372 |
| ആകെ | 121819605 |
| ചെലവ് | 85116946 |
| നീക്കിബാക്കി | 36702659 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 44388630 | 44388630 | 30924628 | 13464002 | 70% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 18804903 | 18804903 | 13589271 | 5215632 | 72% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1247181 | 1247181 | 787000 | 460181 | 63% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6893430 | 6893430 | 3116535 | 3776895 | 45% |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 79 | 123743844 | 52 | 48617434 | 27 | 39% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം (*) |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 15 | 56453155 | 28543581 | 51% |

| | | | | | |
|---|---|---|---|---|---|
| അസി.എക്സി. എഞ്ചിനീയർ | 53 | 28 | 26619496 | 11209169 | 42% |
| കൃഷി അസി.ഡയറക്ടർ | 2 | 2 | 30867993 | 3396293 | 11% |
| സീനിയർ വെറ്ററിനറി സർജൻ | 2 | 2 | 1850000 | 537476 | 29% |
| സി.ഡി.പി.ഒ | 1 | 1 | 1413200 | 1413200 | 100% |
| ക്ഷീര വികസന ഓഫീസർ | 1 | 1 | 4340000 | 1699755 | 39% |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 3 | 3 | 2200000 | 1817960 | 83% |
| ആകെ | 79 | 52 | 123743844 | 48617434 | 39% |

*സംയുക്ത പ്രൊജക്ടുകളുടെ കാര്യത്തിൽ ആകെ വകയിരുത്തിയ തുകയാണ് അടങ്കലായി ചേർത്തിട്ടുള്ളത്. വിനിയോഗ വിവരം ലഭ്യമാകാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ചെലവു വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 39% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനും പദ്ധതി ഫണ്ട് പാഴാകാതിരിക്കാനും നിർവ്വഹണോദ്യാഗസ്ഥരും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നിഷ്ക്രിയ അക്കൗണ്ടുകൾ

അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. IAY, PMAY പദ്ധതികൾക്കായി ലഭിച്ച ഫണ്ടിന്റെ ഇനം തിരിച്ചുള്ള ചെലവു വിവരം എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17-10-2016 മുതൽ 9-11-2016 വരെ | 2015-16 | 7-2-2017 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 23-12-2014 | 2009-10 മുതൽ 2013-14 വരെ | 10-03-2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് ഉള്ളതായും എന്നാൽ നിലവിൽ പണമിടപാടുകൾ ഇല്ലാത്തതുമായ 2 അക്കൗണ്ടുകൾ ഉണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് | അവസാന പണമിടപാടുകൾ നടത്തിയത് |
|---|---|---|---|---|
| 1 | കനറാബാങ്ക്, നെന്മാറ (ബി.ആർ.ജി.എഫ് അക്കൗണ്ട്) | 27201 | ₹210772 | 04/2013 |

| | | | | |
|---|---|---|---|---|
| 2 | പഞ്ചാബ് നാഷണൽ ബാങ്ക്<br>(ഹരിയാലി അക്കൗണ്ട്) | 43931 | ₹ 254996 | 09/2015 |

പലിശ ഇനത്തിൽ ഉള്ള വരവ് മാത്രമാണ് നിലവിൽ ഈ രണ്ട് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകളിലും രേഖപ്പെടുത്തലുകൾ ഉള്ളത്. ഉപയോഗത്തിലില്ലാത്ത അക്കൗണ്ടുകൾ ഉചിതമാർഗ്ഗേന അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.2, തിയ്യതി – 6-11-2017 – ന്റെ മറുപടിയിൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്

## 2-2 വനിതാ കാന്റീൻ - വാടക കരാർ പുതുക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 2013 മുതൽ കുടുംബശ്രീ യൂണിറ്റിന് വാടകയ്ക്ക് നൽകി ഒരു വനിതാ കാന്റീൻ പ്രവർത്തിച്ചു വരുന്നുണ്ട്. വർഷം തോറും വാടകയിൽ പത്തു ശതമാനം വർദ്ധനവു വരുത്തി വാടക ഈടാക്കി വരുന്നുണ്ട്. ഫയൽ പരിശോധിച്ചതിൽ (ബി/730/2013) വാടകക്കാരുമായി 11/2014 ലാണ് കരാർ ചമച്ചിട്ടുള്ളത്. പ്രസ്തുത കരാർ പ്രകാരം 1-11-2014 മുതൽ 11 മാസത്തേക്കാണ് എഗ്രിമെന്റ് കാലാവധി. എന്നാൽ അതിനു ശേഷവും കാന്റീൻ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും കരാർ പുതുക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.2, തിയ്യതി– 6-11-2017) മറുപടിയിൽ വാടകകരാർ പുതുക്കുന്നതിനായി മുദ്രപത്രത്തിൽ കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അന്നത്തെ സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല എന്നാണ്. വാടകക്കാരുമായി യഥാസമയം കരാർ ചമയ്ക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>വാടക കുടിശ്ശിക</u>

വാർഷിക ധനകാര്യ പത്രികയിലെ കുടിശ്ശിക വിവരങ്ങൾ പ്രകാരം വാടക ഇനത്തിൽ 1340/- രൂപ കുടിശ്ശികയുണ്ട്. ഓഡിറ്റ് കാലയളവിലും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.2, തിയ്യതി –6-11-2017). കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എവർഗ്രീൻ വനിതാ ലേബർബാങ്ക് -സ്ത്രീ ശാക്തീകരണ പദ്ധതികൾക്ക് ഉത്തമമാതൃക

മഹിളാ കിസാൻ സശാക്തീകരണ (എം.കെ.എസ്.പി) പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ലക്ഷ്യമിട്ടു കൊണ്ട് പ്രത്യേകിച്ചും നെൽകർഷകർ അഭിമുഖീകരിക്കുന്ന തൊഴിലാളിക്ഷാമം ദൂരീകരിക്കുന്നതിനായി ഗ്രാമ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളെ ഏകോപ്പിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന എവർഗ്രീൻ വനിതാ ലേബർബാങ്ക്. ഈ സംരഭത്തിന്റെ പ്രവർത്തനം വിലയിരുത്തിയതിൽ ഇത് മാതൃകാപരമായ രീതിയിൽ പ്രവർത്തിക്കുന്നതായും ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ തൊഴിലാളിക്ഷാമം ഒരു പരിധി വരെ പരിഹരിച്ചു കൊണ്ട് കർഷകത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കി പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു.

ഫോട്ടോ ചേർക്കുന്നു.









ലേബർ ബാങ്കിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

വനിതാ ലേബർ ബാങ്കിന്റെ പ്രവർത്തനം 2014 മെയ് 14 നാണ് ആരംഭിച്ചത്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനം (രജിസ്റ്റർ നം. PKD/TC/87/14) നെന്മാറ ധനലക്ഷ്മിബാങ്കിൽ അക്കൗണ്ട് ആരംഭിച്ചു(A/c No . 131824). പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ബൈലോ ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായി ഉന്നതാധികാരസമിതി രൂപീകരിച്ചിട്ടുണ്ട്. ബൈലോയുടെ അടിസ്ഥാനത്തിൽ ഈ സമിതിയുടെ മേൽ നോട്ടത്തിലാണ് ബാങ്കിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്.

ആദ്യഘട്ടത്തിൽ 150 പേർ ഫീൽഡ് തല പരിശീലനം നേടി 27 ലേബർ ഗ്രൂപ്പുകളും 6 ലേബർടീമുകളുമായി പ്രവർത്തനം ആരംഭിച്ച ലേബർബാങ്കിന്റെ ഉടമസ്ഥതയിൽ നിലവിലുള്ള മെഷീനറികളുടെ വിവരം താഴെ ചേർക്കുന്നു. ട്രാക്ടർ ഡ്രൈവിംഗിൽ പരിശീലനവും ലൈസൻസും ലഭിച്ച 2 തൊഴിലാളികൾ ഉണ്ട്.

| | |
|---|---|
| നടീൽ യന്ത്രം (8 പേർ നടുന്നത്) | 15 എണ്ണം |
| Walk behinder | 1 എണ്ണം |
| കളപറി യന്ത്രം | 50 എണ്ണം |
| കൊയ്ത്ത് യന്ത്രം (റീപ്പർ, ട്രഷറ് എന്നിവയോടു കൂടിയത്) | 1 സെറ്റ് |
| ട്രാക്ടർ | 1 |
| തെങ്ങ് കയറ്റ യന്ത്രം | 11 എണ്ണം |

ലേബർ ബാങ്കിന്റെ കാര്യക്ഷമമായ നടത്തിപ്പിനായും പ്രവർത്തനങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി കർഷകർ ഭൂവുടമകൾ എന്നിവരുമായി ആശയ വിനിമയം നടത്തുന്നതിന് അംഗങ്ങൾക്കിയിൽ നിന്നു തന്നെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ഏതാനും അംഗങ്ങൾക്ക് പരിശീലനം നൽകി. കൂടാതെ ജൈവകൃഷിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ട് ജീവാണു വള പ്രയോഗത്തിനും നിർമ്മാണത്തിനും അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. യന്ത്രങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും ഫീൽഡിൽ നേരിടുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി 10 അംഗങ്ങൾക്ക് വടക്കാഞ്ചേരി ഗ്രീൻ ആർമിയുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ചു. നിലവിൽ റെയ്ഡ്കോയിൽ നിന്നുള്ള മെക്കാനിക്കിന്റെ സേവനവും ലഭ്യമാകുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. യന്ത്രങ്ങൾ സൂക്ഷിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഒരു ഗ്യാരേജ്

നിർമ്മിച്ചിട്ടുണ്ട്.

അംഗങ്ങൾക്കുള്ള ഒരു ദിവസത്തെ കൂലി നിലവിൽ 390 രൂപയായാണ്.അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കിയിട്ടുണ്ട്.

2017 മാർച്ച് 31 ലെ കണക്കനുസരിച്ച് 714379/- രൂപ ലേബർബാങ്കിന് വരവുണ്ട്. ഇതിൽ 135000/- രൂപ അംഗത്വഫീസ് ആണ്. കൂടാതെ ഓരോ സീസൺ കഴിയുമ്പോഴും യന്ത്രങ്ങൾക്ക് നല്ല രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതായി വരുന്നുണ്ടെന്നും ഇതിനായി 150000/- രൂപയോളം ചെലവ് വരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. കണക്കുകൾ അക്കൗണ്ട് ചെയ്യുന്നതിനായി അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിലും അക്കൗണ്ടിംഗിൽ വിദഗ്ദരായ അംഗങ്ങളുടെ കുറവ് ബുദ്ധിമുട്ടുണ്ടാക്കുന്നതായി സെക്രട്ടറി അറിയിച്ചു. കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി സ്ഥിരം സംവിധാനം ഉണ്ടാക്കണം എന്ന് ബൈലോയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും എം.കെ.എസ്.പിയിൽ നിന്നുള്ള ഓഡിറ്റ് ഒരു തവണ നടന്നതല്ലാതെ സ്ഥിരം സംവിധാനം ഇല്ല.

ലേബർ ബാങ്ക് നേരിടുന്ന പ്രശ്നങ്ങൾ

അംഗങ്ങളുടെ ദിവസക്കൂലി 390/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് വലിയ തോതിൽ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പുതിയ കർഷകത്തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നു വരാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ഇവർക്ക് പരിശീലനം നൽകുന്നതിന് കഴിഞ്ഞിട്ടില്ല. യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കണക്കുകളുടെ കൈകാര്യത്തിനുമായി ഒരു സ്ഥിരം സംവിധാനവും ഇല്ല എന്നതും പ്രശ്നമായി സെക്രട്ടറി ചൂണ്ടിക്കാണിക്കുന്നു. 2016-17ൽ പുതിയ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് വച്ചെങ്കിലും നടന്നിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ലേബർ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക്

ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

- കാർഷികവൃത്തിയോടുള്ള പൊതു താല്പര്യം കുറഞ്ഞു വരുന്ന നിലവിലെ സാഹചര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ കൊണ്ടു വന്നാൽ മാത്രമേ തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ കഴിയുകയുള്ളൂ.
- പുതിയ തൊഴിലാളികളെ തെരഞ്ഞെടുക്കുമ്പോൾ അവർക്ക് കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം കൂടി പരിശോധിക്കുക.
- തൊഴിലാളികൾക്കുള്ള പരിശീലന സംവിധാനങ്ങൾ കാര്യക്ഷമമാക്കുക.
- സ്ഥിരമായ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുക.

## 3-2 ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ

1)പ്രോജക്ട് നം.1/17 (പി എം എ വൈ പദ്ധതി-ജനറൽ )

അടങ്കൽ -1568000/-

ചെലവ് തുക -800000/- (ബിൽ നം -30/16-17,27-03-17)

യൂണിറ്റ് കോസ്റ്റ് -200000/-

മേൽ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 25 ഗുണഭോക്താക്കൾക്ക് നൽകിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ആദ്യഘട്ടങ്ങൾ മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നതെന്നു കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പി.എം.എ.വൈ ഐ.ഡി | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| മാണി,w/o വേലായുധൻ, മേലാർകോട് | KL 1018782 | IAY-48000<br>BPവിഹിതം-32000 | 120000 |
| രുഗ്മിണി, w/o കൃഷ്ണൻ,വണ്ടാഴി | KL 1031601 | IAY-48000 | 120000 |

| | | | |
|---|---|---|---|
| | | BPവിഹിതം-32000 | |
| ഷക്കീന, w/o ഇസ്മയിൽ,അയിലൂർ | KL 1024749 | IAY-48000<br>BPവിഹിതം-32000 | 120000 |

2)പ്രോജക്ട് നം – 2/17 (പി എം എ വൈ പദ്ധതി-എസ്.സി.പി)

അടങ്കൽ – 544000/-

ചെലവ് തുക – 352000/- (ബിൽ നം -31/16-17,27-03-17)

യൂണിറ്റ് കോസ്റ്റ് -300000/-

മേൽ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 11 ഗുണഭോക്താക്കൾക്ക് നൽകിയതിൽ താഴെ പറയുന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ ആദ്യഘട്ടങ്ങൾ മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നതെന്നു കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | പി.എം.എ.വൈ ഐ.ഡി | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| ശ്രീമതി.ഉഷ.എസ്, w/o സുരേഷ് | KL 1064881 | I AY-48000<br>B P വിഹിതം-32000 | 220000 |

ഓഡിറ്റ് അന്വേഷണത്തിലൂടെ ഈ വിഷയം ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടിയായി ഭവന നിർമ്മാണം മന്ദഗതിയിലായിട്ടുള്ള ഗുണഭോക്താക്കളുടെ ഒരു യോഗം 3.11.17 ന് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെയും നേതൃത്വത്തിൽ കൂടുകയും യോഗത്തിൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ 31.12.17നകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്താൻ എല്ലാ വില്ലേജ്

എക്സ്റ്റൻഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 6/7-11-17).തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് ഏജൻസികൾക്കും ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയതായോ കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പദ്ധതി | നൽകിയ തുക | | ബിൽ നം/തീയതി | വിനിയോഗ വിവരം |
|---|---|---|---|---|
| 19/17, പാലിയേറ്റീവ് പരിചരണ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം വികസന ഫണ്ട് (സാധാരണ വിഹിതം) | എലവഞ്ചേരി | 400000 | 8/16-17 22.12.16 | തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| | മേലാർകോട് | 700000 | 7/16-17 22.12.16 | |
| റിമാർക്സ് : പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഓഡിറ്റിന് ലഭ്യമായിട്ടുള്ള വിവരമനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ നാമമാത്രമായി മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. എലവഞ്ചേരി ഗ്രാമപഞ്ചായത്ത് 291705 രൂപ മാത്രം ചെലവഴിച്ചപ്പോൾ മേലാർകോട് ഗ്രാമപഞ്ചായത്ത് ലഭ്യമായ 700000 രൂപയും ഉപയോഗിച്ചിട്ടില്ല. ഉപയോഗിക്കാത്ത തുകകൾ തിരികെ ഈടാക്കേണ്ടതാണ്. | | | | |
| 29/17,മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ വികസന ഫണ്ട് (ജനറൽ) | നെന്മാറ ഗ്രാമപഞ്ചായത്ത്- 50,00,000 | | 14/16-17; 23.12.16 | ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| 21/17,<br>തളികകല്ല് എസ്.റ്റി കോളനി സോളാർ ലാമ്പ് സ്ഥാപിക്കൽ വികസന ഫണ്ട് (ടി.എസ്.പി) | വണ്ടാഴി ഗ്രാമപഞ്ചായത്ത്-727000 | 13/16-17;<br>22.12.16 | |
| 81/17,<br>അങ്കണവാടി കെട്ടിടം നിർമ്മാണം പണിക്കൊളുമ്പ് വണ്ടാഴി വികസന ഫണ്ട് (ജനറൽ) | വണ്ടാഴി ഗ്രാമപഞ്ചായത്ത് -500000 | 10/16-17;<br>22.12.16 | |
| 82/17,<br>അങ്കണവാടി കെട്ടിടം നിർമ്മാണം പുളിക്കൽപ്പറമ്പ് വണ്ടാഴി വികസന ഫണ്ട് (ജനറൽ) | വണ്ടാഴി ഗ്രാമപഞ്ചായത്ത് -500000 | 11/16-17;<br>22.12.16 | അതത് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |
| 83/17,നെന്മാറ ചട്ടിയോട് അങ്കണവാടി കെട്ടിടം<br>വികസന ഫണ്ട് (ജനറൽ) | നെന്മാറ ഗ്രാമപഞ്ചായത്ത് -500000 | 27/16-17;<br>21.03.17 | |
| 96/17, എലവഞ്ചേരി പടിഞ്ഞാമുറി അങ്കണവാടി കെട്ടിടം വികസന ഫണ്ട് (ജനറൽ) | എലവഞ്ചേരി ഗ്രാമപഞ്ചായത്ത്-500000 | 15/16-17;<br>23.12.16 | |
| 101/17, സമ്പൂർണ്ണ വൈദ്യുതീകരണം വികസന ഫണ്ട് (ജനറൽ) | കെ.എസ്.ഇ.ബി കൊല്ലങ്കോട്- 81284 | 26/16-17;<br>21-03-17 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/4-11-17-ന് മറുപടിയായി

വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ടവരിൽ നിന്നും ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 T S C ഫണ്ടിൽ ഉപയോഗിക്കാതെ തുക അവശേഷിക്കുന്നു

ഫണ്ടിന്റെ സാമ്പത്തിക നില താഴെ ചേർക്കുന്നു.

( T S C -പി.എൻ.ബി അക്കൗണ്ട് 37806 )

| | |
|---|---|
| മുന്നിരിപ്പ് | 750336 |
| വരവ് | 59142 |
| ചെലവ് | 235562 |
| നീക്കിയിരിപ്പ് | 573916 |

സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രവർത്തനങ്ങൾക്കായുള്ള ഫണ്ടിൽ സാമ്പത്തികവർഷാരംഭം നീക്കിയിരുപ്പായി 7,50,336 രൂപ ഉണ്ട്. ഈ തുക 194 ഐ.എ.വൈ ഗുണഭോക്താക്കൾക്ക് 4600/- രൂപ നിരക്കിൽ ഗാർഹികശൗചാലയം പദ്ധതിയ്ക്ക് ലഭ്യമായ 892400 രൂപയിൽ 70 ഗുണഭോക്താക്കൾക്ക് നൽകുവാനവശേഷിക്കുന്ന 322000/- രൂപയും 2011 വർഷത്തിൽ നിർമ്മൽ പുരസ്കാരമായി ലഭിച്ച 16 ലക്ഷം രൂപയിൽ അവശേഷിക്കുന്ന 301865/- രൂപയും മുൻ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ 08.10.15-ൽ ബാധ്യതയായി തിരിച്ചടച്ച 57195/-രൂപയും പലിശയിനത്തിൽ ലഭിച്ച 69276/- രൂപയും ആണെന്ന് ഓഡിറ്റ് അന്വേഷണം 5-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. 2016-17 വർഷം 43 ഗുണഭോക്താക്കൾക്ക് ഗാർഹികശൗചാലയം പദ്ധതിക്കായി തുക നൽകിയിട്ടുണ്ട്. മറ്റ് ആഭ്യന്തരചെലവുകൾ കഴിച്ച് വർഷാവസാനം 573916/- രൂപ നീക്കിയിരുപ്പ് ഉണ്ട്. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിക്കായി നൽകുന്ന തുകകൾ ശുചിത്വമിഷന്റെ നിർദ്ദേശപ്രകാരം യഥാസമയം വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നം 5/7-11-17)

## 3-5 ഹരിതനിയമാവലി (ഗ്രീൻ പ്രോട്ടോകോൾ ) നടപ്പിലാക്കിയത് മോണിറ്റർ ചെയ്തിട്ടില്ല

വിദ്യാലയങ്ങളിൽ ഹരിതനിയമാവലി (ഗ്രീൻ പ്രോട്ടോകോൾ) നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കണമെന്നും വിലയിരുത്തണമെന്നും ശുചിത്വ മിഷൻ കത്ത് നം.2/ഡി/ 2017/എസ്.എം തീയതി 6.01.17 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. മാലിന്യപരിപാലനത്തിന്റെ ഏറ്റവും അടിസ്ഥാനതത്വം മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നതായതിനാൽ വിദ്യാർത്ഥികളിൽ ഇത് സംബന്ധിക്കുന്ന അവബോധം ഉണ്ടാക്കുകയും പുനരുപയോഗ-പുനചംക്രമണസാധ്യതകളുള്ള പാഴ്വസ്തുക്കളെ ഉറവിടത്തിൽ നിന്നു തന്നെ വേർതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുകയും കത്തിച്ചുകളയുകയും കുമിഞ്ഞു കൂടുകയും ചെയ്യുന്ന മാലിന്യങ്ങളെ കുറയ്ക്കുന്നതിന് ക്രിയാത്മകമായി ഇടപെടൽ നടത്തുന്നതിന് വിദ്യർത്ഥികളെ പ്രാപ്തരാക്കുകയുമാണ് ഹരിതനിയമാവലി (ഗ്രീൻ പ്രോട്ടോകോൾ) കൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളെയും ഈ അദ്ധ്യയന വർഷത്തിൽ തന്നെ ഹരിത സ്കൂൾ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ഈ വർഷം ആകെ 2350/- രൂപ ചെലവിൽ ഒരു പരിശീലനക്ലാസ്സ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും ക്ലാസ്സ് ലീഡർമാർക്കും മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട ശേഷീ വികസന ക്ലാസ്സുകളും പരിശീലനപരിപാടികളും സംഘടിപ്പിക്കേണ്ടതാണെന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. കൂടാതെ വിദ്യാഭ്യാസവകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനം, ശുചിത്വമിഷൻ പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു മോണിറ്ററിംഗ് സമിതി ബ്ലോക്ക് തലത്തിൽ രൂപീകരിച്ച് പ്രവർത്തനങ്ങൽ വിലയിരുത്തേണ്ടതാണെന്ന നിർദ്ദേശവും നടപ്പിലാക്കിയിട്ടില്ല. T S C ഫണ്ട് ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. ( ഓഡിറ്റ് അന്വേഷണം നം 5/7-11-17).

## 3-6 എല്ലാ നിർവ്വണോദ്യോഗസ്ഥരുടെയും പങ്കാളിത്തം

## ഉറപ്പു വരുത്തിയിട്ടില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ മുഖേന പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

1.വ്യവസായ വികസന ഓഫീസർ

2.പട്ടികജാതി വികസന ഓഫീസർ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ട മേൽ പറഞ്ഞ മേഖലകളിൽ കൈമാറികിട്ടിയ നിർവഹണ ഉദ്യോഗസ്ഥർ നിലവിലുണ്ടായിട്ടും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

## **3-7** പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് ആട്ടു വളർത്തൽ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് നം. - 87/2017- പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് ആട്ടു വളർത്തൽ പദ്ധതി

അടങ്കൽ - 1750000 (875000 -എസ്.സി.പി + 875000 – ബാങ്ക് വായ്പ)

ചെലവ് - 437500/-രൂപ

ബിൽ നം. - 2/30-3-2017

നിർവ്വഹണം – സീനിയർ വെറ്ററിനറി സർജൻ

മൃഗസംരക്ഷണ മേഖലയിലെ വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതി പ്രകാരം

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ 4 ഗ്രാമപഞ്ചായത്തുകളിലെ 7 കുടുംബശ്രീ യൂണിറ്റുകളിലെ വനിതകൾക്ക് ഒരു ഗ്രൂപ്പിന് 25 ആടുകൾ വീതം 50% സബ്സിഡി നിരക്കിൽ വാങ്ങി നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | വനിതാ യൂണിറ്റ് | ബാങ്ക് | അക്കൗണ്ട് നം. | സബ്സിഡി തുക |
|---|---|---|---|---|
| എലവഞ്ചേരി | അക്ഷയ അയൽക്കൂട്ടം | കനറാ ബാങ്ക് | 2431 | 62500 |
| | ശുഭശ്രീ കുടുംബശ്രീ | പഞ്ചാബ് നാഷണൽ ബാങ്ക് | 1160 | “ |
| നെന്മാറ | സൂര്യകാന്തി കുടുംബശ്രീ | യൂണിയൻ ബാങ്ക് | 3957 | “ |
| പല്ലശ്ശന | കാരുണ്യ കുടുംബശ്രീ | കനറാ ബാങ്ക് | 2298 | “ |
| | കൈരളി കുടുംബശ്രീ | കനറാ ബാങ്ക് | 2300 | “ |
| അയിലൂർ | അരോമ അയൽക്കൂട്ടം | കനറാ ബാങ്ക് | 1411 | “ |
| | ദുർഗ്ഗ അയൽക്കൂട്ടം | കനറാ ബാങ്ക് | 1432 | “ |

രേഖകളുടെ പരിശോധനയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) 14 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 7 ഗ്രൂപ്പുകൾക്ക് മാത്രമാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുള്ളൂ. പരമാവധി വനിതാ ഗ്രൂപ്പുകളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ശ്രദ്ധിച്ചിട്ടില്ല.

2) 28-2-2017-ലെ ഭരണസമിതി തീരുമാനം നം.5(8) പ്രകാരം ഗുണഭോക്തൃ ലിസ്റ്റ്

അംഗീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എലവഞ്ചേരി, നെന്മാറ, പല്ലശ്ശന, അയിലൂർ എന്നീ 4 ഗ്രാമപഞ്ചായത്തുകളിലെ 7 വനിതാ ഗ്രൂപ്പുകൾക്കാണ് വിഹിതം നൽകിയിട്ടുള്ളത്. മറ്റു പഞ്ചായത്തുകളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട യോഗങ്ങളിൽ മേലാർകോട്, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾ പങ്കെടുത്തിട്ടുണ്ടെങ്കിലും ടി യൂണിറ്റുകൾക്ക് ആനുകൂല്യം നൽകിയിട്ടില്ല. അടങ്കൽ തുകയ്ക്ക് അനുസൃതമായി പരമാവധി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

3) 12-ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ, തിയ്യതി 11-1-2016 ഖണ്ഡിക-3.2 പ്രകാരം കുടുംബ വാർഷിക വരുമാനം 50000/- രൂപയിൽ കവിയാത്തവർക്കാണ് ഈ സബ്സിഡി ആനുകൂല്യത്തിന് മുൻഗണന നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മുഴുവൻ ഗുണഭോക്താക്കളുടെയും റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം ഗുണഭോക്താക്കളും എ.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണ് (35 ൽ 17 പേർ). ഇവരുടെ വരുമാന പരിധി തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

4) മേൽ മാർഗ്ഗരേഖ പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷം വളർത്തുമെന്ന് കരാർ വയ്ക്കണമെന്നും മാനദണ്ഡങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അക്ഷയ അയൽക്കൂട്ടം, ശുഭശ്രീ അയൽക്കൂട്ടം എന്നീ രണ്ടു ഗ്രൂപ്പുകളുടെ കരാർ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. മറ്റു യൂണിറ്റുകളിലെ ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല.

5) ആടുകളുടെ ഇൻഷൂറൻസ് രേഖകൾ ഹാജരാക്കിയതിൽ ശുഭശ്രീ കുടുംബശ്രീ യൂണിറ്റിലെ ഗുണഭോക്താക്കളുടെ ആദ്യ പേജിന്റെ പകർപ്പു മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ എത്ര ആടുകൾക്ക് ഇൻഷൂറൻസ് എടുത്തു എന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.3, തിയ്യതി 6-11-2017) ന്റെ മറുപടിയിൽ കരാർ രേഖകളും ഇൻഷൂറൻസ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിനും, ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 നെൽകൃഷിക്ക് ഉഴവുകൂലി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം. - 33/17 - നെൽകൃഷിക്ക് ഉഴവുകൂലി

അടങ്കൽ - 30836593 (3364893-വികസനഫണ്ട്+14799600-ഗ്രാമപഞ്ചായത്ത് വിഹിതം+6094500- മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾ + 6166500 – ജില്ലാപഞ്ചായത്ത് വിഹിതം + 411100 – മറ്റുള്ളവ)

ചെലവ് - 3364893- വികസനഫണ്ട്

ബിൽ നം. - 2/21-3-2017

നിർവ്വഹണം – അസിസ്റ്റന്റ് ഡയറക്ടർ, കൃഷി

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ ഗ്രാമപഞ്ചായത്തുകളിലെ കർഷകർക്ക് നെൽകൃഷിക്ക് ഉഴവുകൂലി ഇനത്തിൽ 3364893/- രൂപ ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. 6 ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയതിൽ 3 ഗ്രാമപഞ്ചായത്തുകളുടെ മാത്രമാണ് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുള്ളത്. അയിലൂർ, മേലാർകോട്, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഈ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ ബ്ലോക്ക് വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ബാങ്ക് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| അയിലൂർ | ടി.എസ്.ബി | 0008 | 495000 |

| | | | |
|---|---|---|---|
| മേലാർകോട് | ടി.എസ്.ബി | 0006 | 603000<br>10800<br>(എ.സി.പി) |
| വണ്ടാഴി | ടി.എസ്.ബി | 0676 | 398277 |

പട്ടികയിൽ പറഞ്ഞിട്ടുള്ള 3 ഗ്രാമപഞ്ചായത്തുകളിലേയ്ക്കായി നൽകിയ ഉഴവു കൂലി ഇനത്തിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.11, തിയ്യതി – 8-11-2017).

## 3-9 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെൻറ്റീവ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നം. - 85/2017 - ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ്

അടങ്കൽ - 4340000/- (170000-വികസന ഫണ്ട് + 2640000-മറ്റ് ഗ്രാമപഞ്ചായത്തുകൾ)

ചെലവ് - 1699755/- (വികസന ഫണ്ട്)

ബിൽ നം. – 1/18-3-2017 (1200000/-), 2/28-3-2017(499755/-),
നിർവ്വഹണം – ക്ഷീരവികസന ഓഫീസർ

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ 5 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസന്റീവ് നൽകുന്നതിന് ബ്ലോക്ക് വിഹിതമായി 1200000/- രൂപയും, മേലാർകോട് ഗ്രാമപഞ്ചായത്തിനു കീഴിലെ വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസന്റീവ് നൽകുന്നതിന് (നേരിട്ടു നിർവ്വഹണം) 499755/- രൂപയുമാണ് പദ്ധതി പ്രകാരമുള്ള ചെലവ്. ഇതിൽ ബിൽ നം. 1/18-3-2017 പ്രകാരമുള്ള 1200000/- രൂപ താഴെ പറയുന്ന 5 ഗ്രാമപഞ്ചായത്തുകൾക്കാണ് നൽകിയിട്ടുള്ളത്. തുക ഫലപ്രദമായി വിനിയോഗിച്ചതിന്റെ യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഫണ്ട് ട്രാൻസ്ഫർ വിവരം മാത്രമാണ് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | സ്പെഷൽ ടി.എസ്.ബി. അക്കൗണ്ട് നം. | തുക |
|---|---|---|
| നെന്മാറ | 0009 | 250000 |
| അയിലൂർ | 0008 | 275000 |
| പല്ലശ്ശന | 1735 | 200000 |
| എലവഞ്ചേരി | 1345 | 200000 |
| വണ്ടാഴി | 0676 | 275000 |
| ആകെ | 1200000 | |

വിനിയോഗ വിവരം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4, തിയ്യതി.7-11-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആകെ 1200000/- രൂപയുടെ വിനിയോഗ വിവരം എത്രയും പെട്ടെന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ നമ്പരും, പേരും- 40/17, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ- ₹.1413200/-രു.

ചെലവ് - 1. ₹.992600/-രു. (ബിൽ നം.1/23.3.17)

2. 420600/-രു.(ബിൽ നം. 2/25.3.17)

നിർവ്വഹണം - സി.ഡി.പി.ഒ

നെന്മാറ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 2016-17-ലെ പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.4/2016/തസ്വഭവ/11.1.2016പ്രകാരം മേൽ പറഞ്ഞ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് ഗ്രാമ പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളുമാണ്. ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവരും അല്ലാത്തവരും ഏത് ഗ്രാമപഞ്ചായത്തിലെ/നഗരസഭയിലെ സ്ഥിര താമസക്കാരനാണോ ആ ഗ്രാമപഞ്ചായത്ത്/നഗരസഭയാണ് അവർക്ക് ധനസഹായം നൽകേണ്ടത്. എന്നാൽ ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.

2. ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല.

3. ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമ/വാർഡ്സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്.

4. താഴെ പറയുന്ന ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 10000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവർ പഠിക്കുന്ന സ്റ്റാൻഡേർഡ് സംബന്ധിച്ചുള്ള വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| പേര് | Disability Certificate No/ തീയതി | സർട്ടിഫിക്കറ്റ് പ്രകാരം വയസ്സ് |
|---|---|---|

| | | |
|---|---|---|
| വിനീഷ്.എൻ. | 1130/10 തീ.6.10.10 | 19 |
| കമറുദ്ദീൻ | 169603 തീ. 29.9.10 | 18 |
| രേഖ | 32/2004 തീ, 7.1.04 | 16 |
| ജിനീഷ് | 2342/07 തീ. 2.1.08 | 27 |
| നന്ദന.കെ., IV Std. | 1464/16 തീ, 17.8.16 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രോജക്റ്റുകളുടെ നിർവ്വഹണത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2016-17 വർഷത്തിൽ കുടിവെള്ള പദ്ധതിക്കായി താഴെപ്പറയുന്ന തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 64/17 | കച്ചേരിപ്പാറ കുടിവെള്ള പദ്ധതി – നെന്മാറ | 21/31.3.17 | 500000 | KWA, PH Division,Palakkad<br>Transfer Credit SBT, Chandra Nagar<br>A/c.No. |

| | | | | | |
|---|---|---|---|---|---|
| | | | | | 67147990082 |

പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം.4/2016/തസ്വഭവ തിയതി, 11.1.2016 പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിയ്ക്കായി കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റ് ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് KWA/KSEB/GWD തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതും അതു പ്രകാരം തദ്ദേശ ഭരണ സ്ഥാപനം പ്രൊജക്ട് തയ്യാറാക്കേണ്ടതുമാണ്. പ്രൊജക്ടിന് അംഗീകാരം ലഭിച്ച് കഴിഞ്ഞാൽ KWA/KSEB/GWD-യുമായി തദ്ദേശഭരണ സ്ഥാപനം കരാറിലേർപ്പെട്ട ശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. ജി.ഒ.(ആർ.ടി) നം.1372/2013/ ത.സ്വ.ഭ.വ തീ.26.5.2013 ഉത്തരവ് പ്രകാരവും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾക്കു വേണ്ടി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള എഗ്രിമെന്റ് പ്രകാരം മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പാലക്കാടിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ എഗ്രിമെന്റ് ചമക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണം വൈകുകയോ, മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ തുടർ നടപടികൾ സ്വീകരിക്കണമെങ്കിൽ കരാർ നിർബന്ധമാണ്.

കേരള ജല അതോറിറ്റിയുമായി കരാർ വെയ്ക്കാൻ ശ്രദ്ധിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 10/7.11.17)

## 3-12 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ

## വില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷങ്ങളിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | പച്ചക്കറി വിൽപന കേന്ദ്രം കെട്ടിടം -നെന്മാറ | 1785366 | 7 | 17500 | 875 | 30.8.16 |
| 2 | പോത്തുണ്ടി പുതിയ കോളനി റോഡ് -നെന്മാറ | 500000 | 2 | 2000 | 100 | 22.12.16 |
| 3 | പ്ലായങ്കാട് DWSS -പല്ലശ്ശന | 500000 | 2 | 2000 | 100 | 22.12.16 |
| 4 | മോടൻകാട് DWSS -എലവഞ്ചേരി | 500000 | 2 | 2000 | 100 | 22.12.16 |
| 5 | പുത്തൻതോട്ടം DWSS -നെന്മാറ | 500000 | 3 | 3000 | 150 | 22.12.16 |
| 6 | വട്ടംപാടം DWSS -മേലാർക്കോട് | 500000 | 4 | 4000 | 200 | 22.12.16 |
| 7 | മാടമ്പാറ DWSS -പല്ലശ്ശന | 500000 | 3 | 3000 | 150 | 22.12.16 |
| 8 | കവറകുളമ്പ് DWSS – നെന്മാറ | 500000 | 4 | 4000 | 200 | 22.12.16 |
| 9 | കോതശ്ശേരി DWSS- നെല്ലിയാമ്പതി | 1000000 | 3 | 6000 | 300 | 22.12.16 |
| 10 | ചെമ്പോട്, ചീതാവ് DWSS - അയിലൂർ | 500000 | 3 | 3000 | 150 | 22.12.16 |
| 11 | ചിറ്റടി ചാതി കോളനി DWSS – വണ്ടാഴി | 1000000 | 4 | 8000 | 400 | 22.12.16 |
| 12 | പൂകപറശ്ശി കോളനി DWSS – മേലാർക്കോട് | 500000 | 4 | 4000 | 200 | 22.12.16 |
| 13 | പാറക്കളം DWSS – പല്ലശ്ശന | 500000 | 3 | 3000 | 150 | 22.12.16 |
| 14 | വട്ടംപാടം DWSS – മേലാർക്കോട് | 500000 | 3 | 3000 | 150 | 22.12.16 |
| 15 | ചാട്ടപ്പാറ തിഞ്ചക്കോട് DWSS | 1000000 | 2 | 4000 | 200 | 31.3.17 |

| | | | | | | |
|---|---|---|---|---|---|---|
| 16 | അരിയക്കോട് മൂല റോഡ് - അയിലൂർ | 550000 | 2 | 2200 | 110 | 31.1.17 |
| 17 | രാജാക്കാട് പാടഗിരി റോഡ് - നെല്ലിയാമ്പതി | 550000 | 3 | 3300 | 165 | 31.3.17 |
| 18 | അങ്കാളൻചോല പാലിയമംഗലം എസ്.സി. നിലം സംരക്ഷണം | 500000 | 2 | 2000 | 100 | 31.3.17 |
| 19 | ക്ലനംപാലം കോളനി റീടെയ്നിംഗ് വാൾ -നെല്ലിയാമ്പതി | 800000 | 2 | 3200 | 160 | 31.1.17 |
| 20 | പുത്തൻകടവ് ശ്മശാനം റിടെയ്നിംഗ് വാൾ -അയിലൂർ | 600000 | 6 | 7200 | 360 | 1.2.17 |
| 21 | മുടപ്പല്ലൂർ കുന്നപറമ്പ റോഡ് - വണ്ടാഴി | 550000 | 2 | 2200 | 110 | 1.2.17 |
| 22 | തെക്കേക്കാട് റോഡ് - വണ്ടാഴി | 550000 | 2 | 2200 | 110 | 1.2.17 |
| 23 | കോരംപറമ്പ കോളനി റോഡ് -മേലാർക്കോട് | 800000 | 4 | 6400 | 320 | 1.2.17 |
| 24 | കല്ലംകോട് കുണ്ടിലിടിവു റോഡ് - നെന്മാറ | 600000 | 3 | 4800 | 240 | 1.2.17 |
| 25 | വലിയ കോഴിപാടം കുണ്ടുകാട് റോഡ് -മേലാർക്കോട് | 550000 | 2 | 2200 | 110 | 1.2.17 |
| 26 | തത്തനടം കോളനി റോഡ് - വണ്ടാഴി | 800000 | 2 | 3200 | 160 | 1.2.17 |
| 27 | പഴത്തറ ഗായത്രി പുഴ റോഡ് - മേലാർക്കോട് | 550000 | 3 | 3300 | 165 | 1.2.17 |
| 28 | ചെട്ടിത്തറ മഹാളികുടം റോഡ് - നെന്മാറ | 500000 | 2 | 2000 | 100 | 1.2.17 |
| 29 | നെന്മാറപാടം -ഇടപ്പെറ്റ തോട്ടുപാലം നെന്മാറ | 550000 | 5 | 5500 | 275 | 1.2.17 |
| 30 | SCDO, IEO, AEE -ഓഫീസ് സ്റ്റോർ റൂം നിർമ്മാണം | 1400000 | 3 | 7500 | 375 | 1.2.17 |
| 31 | CHC മെയിന്റനൻസ് Male, Female Ward etc. നെന്മാറ | 1100000 | 4 | 10000 | 500 | 1.2.17 |
| 32 | CHC മെയിന്റനൻസ് Quarters -നെന്മാറ | 1000000 | 6 | 12000 | 600 | 1.2.17 |
| 33 | വെറ്ററിനറി ആശുപത്രി ചുറ്റുമതിൽ നിർമാണം -നെന്മാറ | 150000 | 6 | 3000 | 150 | 1.2.17 |
| 34 | ലേബർ ബാങ്ക് ഷെഡ് നിർമ്മാണം- നെന്മാറ | 490000 | 2 | 2000 | 100 | 1.2.17 |
| 35 | നെന്മാറ CHC X-Ray റൂം റീവയറിംഗ് | 200000 | 2 | 1000 | 100 | 1.2.17 |
| 36 | പനങ്ങാട്ടിരി ചെപ്പലോട് റോഡ്, കൽമൊക്ക് പാലം | 8500000 | 12 | 30000 | 1500 | 1.2.17 |
| ആകെ | | | | 183700 | 9235 | |

ബ്ലോക്ക് പഞ്ചായത്തിന് അർഹതപ്പെട്ട ₹.183700/- ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ

ഒടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-13 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സർക്കാർ ഉത്തരവ് (പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ ഭരണ സമിതി അംഗീ കരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രി മെന്റ് വെച്ച തിയതി, നം. | ഈടാ ക്കേ ണ്ടിയി രുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | Soo23/16 – അയ്യൻകുളം റോഡ് -പല്ലശ്ശന<br>അടങ്കൽ - 482500/-<br>കരാർ തുക –481045/- | 31.8.15 | 21.9.15 | 6.10.15<br>നം.71 | 4810 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ. വി.ഗണേശൻ, പല്ലശ്ശന<br>ബിൽ നം. 1/31.10.16 | | | | |
| 2 | Soo26/16 – അകംപാടം ചാത്തമംഗലം റോഡ് -നെന്മാറ<br>അടങ്കൽ - 500000/-<br>കരാർ തുക - 444069/-<br>കരാറുകാരൻ - ശ്രീ.വി.മോഹൻദാസ്<br>ബിൽ നം. 2/31.10.16 | 31.8.15 | 21.9.15 | 23.2.16<br>നം.83 | 4440 |
| 3 | Soo39/16 – പോത്തുപാറ റോഡ് -നെല്ലിയാമ്പതി<br>അടങ്കൽ - 850000/-<br>കരാർ തുക - 787742/-<br>കരാറുകാരൻ - ശ്രീ.വി.മനാഫ്, മണ്ണാർക്കാട്<br>ബിൽ നം. 9/13.3.17 | 31.8.15 | 21.9.15 | 6.10.15<br>നം.76 | 7877 |
| 4 | Soo129/16 – നൂറടി പുഴ കുളിക്കടവ്- നെല്ലിയാമ്പതി<br>അടങ്കൽ -500000/-<br>കരാർ തുക - 480530/-<br>കരാറുകാരൻ - ശ്രീ.വി.മനാഫ്,<br>ബിൽ നം. 19/31.3.17 | 31.8.15 | 21.9.15 | 29.9.15 | 4805 |
| | | | | ആകെ | 21932 |

ഈടാക്കവാൻ വിട്ടുപോയ പിഴ ₹.21932/- കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. തുകയുടെ ഒടുക്കിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 8/7.11.17)

# 3-14 സർവീസ് ടാക്സ് ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ സർവ്വീസ് ടാക്സ് ഉൾപ്പടുത്തിയിട്ടുണ്ടെങ്കിലും ഫൈനൽ ബില്ലിൽ സർവീസ് ടാക്സ് ഉൾപ്പെടുത്തുകയോ കരാറുകാരനിൽ നിന്നും ഈടാക്കുകയോ ചെയ്യിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1) പ്രൊജക്റ്റ് നം. 76/17- EverGreen Labour Bank Instrument Shed Costruction

അടങ്കൽ - ₹.490000/- {മെയിന്റനൻസ് ഗ്രാന്റ് (NR)}

ചെലവ് - ₹.481515/- ബിൽ നം. 17/31.3.17

കരാറുകാരൻ - ശ്രീ.സി.വിജയരാഘവൻ, നെന്മാറ

എം.ബി. നം. 21/16-17

എഗ്രിമെന്റ് നം. 15/7.2.17

എസ്റ്റിമേറ്റ് പ്രകാരം തുക - 461750.42 (+)

27705.02 (Service Tax)(6%)

545.00 (Unforseen)

--------------------------------

ആകെ - 490000/-

=====================

എം.ബുക്ക് പ്രകാരം അനുവദിച്ചത്:

Total Value of work done - ₹.486394/-

Tender Deviation 1.003 (-) -₹. 4879/-

-----------------

Total - 481515/-

കുറയ്ക്കുക (-)IT 1% - 4815/-

Vat 4% - 19261/-

KCWWf 1% - 4815/- –

-------------------

കരാറുകാരന് നൽകിയ തുക - 452624/-

==============

അനുവദിക്കാവുന്നത്:

Total Value of work done - ₹.486394/-

(-) Tender below 1.003 -₹. 4879/-

(+) സേവന നികുതി (6%) -₹.29183.64

ആകെ -₹.510698.64

പരിമിതപ്പെടുത്തിയത് -₹.490000/-

IT 1% (-) - 4815/-

Vat 4% - 19261/-

KCWWf 1% - 4815/-

--------------------

അനുവദിക്കാവുന്ന തുക - 461109/-(കാരാറുകാരന്റെ വിഹിതം 43,925/-രൂ. + സേവന നികുതി 29184/-രൂ.)

കരാറുകാരൻ സേവന നികുതി ഒടുക്കിയതിന്റെ അസൽ രസീതി ഫയലിൽ സൂക്ഷിക്കണം. (കരാറുകാരന് അർഹതപ്പെട്ട തുക 431925/- മാത്രമാണ്.)

2) പ്രൊജക്ട് നം. 99/17 – ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് -മെയിന്റനൻസ്

അടങ്കൽ - ₹.1000000/- {മെയിന്റനൻസ് ഗ്രാന്റ് (NR)}

ചെലവ് - ബിൽ നം. 18/31.3.17 - ₹.678495/-

കരാറുകാരൻ - ശ്രീ.സഞ്ജയ് കുമാർ.ആർ

(Service Tax Reg. No.CJGPS2240MSD001)

എം.ബി. നം. 23/16-17

എഗ്രിമെന്റ് നം. 30/15.2.17

എസ്റ്റിമേറ്റ് പ്രകാരം തുക - 903330.66 (+)

94849.71 (Service Tax)(10.5%)

1820.00 (Unforseen)

------------------------

ആകെ - 1000000/-

==============

എം.ബുക്ക് പ്രകാരം അനുവദിച്ചത്:

Total Value of work done - ₹.1000000/-

Tender below 32.15 (-) -₹. 321504.65/-

-----------------

Total - 678495/-

IT 1% (-) - 6785/-

Vat 4% - 27140/-

KCWWf 1% - 6785/-

--------------------

കരാറുകാരന് നൽകിയ തുക - 637785/-

==============

അനുവദിക്കാവുന്നത്:

Total Value of work done - ₹.1000000/-

(-) Tender Deviation 32.15 (-) -₹. 321504.65/-

സേവന നികുതി (10.5%) -₹.105000/-

-----------------

Total - 783495/-

IT 1% (-) - 6785/-

Vat 4% - 27140/-

KCWWf 1% - 6785/-

--------------------

കരാറുകാരന് അനുവദിക്കാവുന്ന തുക – 742785/- (കരാറുകാരന്റെ വിഹിതം 637,785/-രൂ + സേവന നികുതി 105000/-രൂ.)

കരാറുകാരൻ സേവന നികുതി ഒടുക്കിയതിന്റെ അസൽ രസീതി ഫയലിൽ സൂക്ഷിക്കണം. (കരാറുകാരന് അർഹതപ്പെട്ട തുക 637785/- മാത്രമാണ്.)

ക്രമ നം(1),(2) എന്നിവയിൽ പറഞ്ഞിട്ടുള്ള സേവന നികുതി ഒടുക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ക്രമ നം.(1)-ൽ കരാറുകാരന് അർഹതപ്പെട്ടതിലും അധികം തുക 20699/- നൽകിയത് ക്രമീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-15 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
- കരാറുകാരൻ EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
- ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ ടെന്റർ ഫോറങ്ങൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വിതരണം ചെയ്യുമ്പോൾ ഇവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. ടെന്റർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- പെർഫോമൻസ് ഗ്യാരന്റി തുകകൾ ഈടാക്കുന്ന വിവരം സെക്യൂരിറ്റി രജിസ്റ്ററിൽ ചേർക്കുന്നില്ല. തുക ഈടാക്കിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച ഉടൻ തന്നെ കരാറുകാരന്റെ അപേക്ഷ പ്രകാരം പെർഫോമൻസ് ഗ്യാരന്റി തുകകൾ തിരികെ നൽകുകയാണ് ചെയ്യുന്നത്. ഉദാ:-

നെന്മാറ സീനിയർ മൃഗാശുപത്രി ചുറ്റുമതിൽ (ടെണ്ടർ ബിലോ 23.7%,ICDS, IEO, SCDO,AEE ഓഫീസുകൾക്ക് സ്റ്റോർ റൂം നവീകരണം (ടെണ്ടർ ബിലോ 19.56%). ജി.ഒ.(എം.എസ്.)നം.73/2013/PWD, തിയതി, 31.8.13 ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം Defect Liability Period ന ശേഷം മാത്രം പെർഫോമൻസ് ഗ്യാരന്റി തുകകൾ തിരികെ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

- ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ അതാത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 സിംഗിൾ ടെണ്ടർ അംഗീകരിച്ച നടപടി - നടപടിക്രമങ്ങൾ പാലിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ച നൽകേണ്ടതാണെന്നും ദീർഘിപ്പിച്ച നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്ന് സ.ഉ(പി)നം.324/15/ഫിൻ തിയതി 3-7-2015 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും നിബന്ധനയുണ്ട്. എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ സിംഗിൾ ടെണ്ടറുകൾ ആദ്യ ഘട്ടത്തിൽ തന്നെ പരിഗണിക്കുകയും ടെണ്ടർ ഉറപ്പിച്ച നൽകുകകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അടങ്കൽ,<br>ടെണ്ടർ നിരക്ക് | ചെലവ് | ബിൽ നം. / തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | അയ്യൻകുളം റോഡ് - പല്ലശ്ശന<br>ടെണ്ടർ തിയതി - 13.8.15<br>കരാറുകാരൻ - ശ്രീ.വി.ഗണേശൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനീയർ | 482500<br>below 3.50 | 481045 | 1/31.10.16 |
| 2 | പാറശ്ശേരി കോളനി DWSS ടാങ്ക് നിർമ്മാണം<br>ടെണ്ടർ തിയതി - 13.8.15<br>കരാറുകാരൻ - ശ്രീ.ജി.ജയപ്രകാശ്<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനീയർ | 640000<br>below 5.7 | 157624 | 8/13.3.17 |
| 3 | പുത്തൻതറ – പുതുച്ചിപാടം DWSS<br>ടെണ്ടർ തിയതി - 13.8.15<br>കരാറുകാരൻ - ശ്രീ.ഷെയ്ക്ക് അബ്ദുൾഖാദർ.എം.<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനീയർ | 50000<br>below 2% | 486953 | 4/31.10.16 |

ടെണ്ടർ നടപടികൾ സുതാര്യമായും സർക്കാർ ഉത്തരവുകളും നിയമവും അനുശാസിക്കുന്ന രീതിയിലും മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 10/7.11.17).

## **3-17** നെന്മാറ സീനിയർ മൃഗാശുപത്രി ചുറ്റുമതിൽ–അധികം നൽകിയ തുക തിരിച്ചടക്കണം

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് നം.77/17 – നെന്മാറ സീനിയർ മൃഗാശുപത്രി ചുറ്റുമതിൽ എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, ടെണ്ടർ ഡീവിയേഷൻ കുറവാക്കാതെ അവസാന ബിൽ നൽകിയതിലൂടെ കരാറുകാരന് രൂ:31698/- അധികം നൽകിയതായി കാണുന്നു.

വിശദവിവരം ചുവടെ കൊടുക്കുന്നു.

അടങ്കൽ [മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)]: ₹.150000/-

ചെലവു തുക: ₹.135952/-

ബിൽ നം: 13/24.3.17

എഗ്രിമെന്റ് നം: 19/7.2.17 കരാറുകാരൻ: ശ്രീ.കേശവൻ, നെന്മാറ

ടെണ്ടർ നിരക്ക്: 23.7% കുറവ് അളവു പുസ്തകം: 16/16-17

ആകെ പ്രവൃത്തിമൂല്യം : 135952/-

നികുതികൾ (-) : 8158/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.127794/-

കരാറുകാരന് അനുവദിക്കാവുന്നത്: 135952-8158(നികുതികൾ)- 32221ടെണ്ടർ ഡീവിയേഷൻ) = ₹.95573/-

അധികം നൽകിയത്: ₹.32221/-

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/7.11.17ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ ₹.32221/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 15484000 | 1)97/17, ഐ.എ.വൈ | 0 | ₹17455639 (മുൻ |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി അധിക വിഹിതം നൽകൽ (എസ്.സി.പി) | | |
| | | | 2)100/17, ഐ.എ.വൈ പദ്ധതി അധിക വിഹിതം നൽകൽ (ജനറൽ) | | |
| | | | 3) 102/17, ഐ.എ.വൈ പദ്ധതി അധിക വിഹിതം നൽകൽ (ടി.എസ്.പി) | 0 | വർഷത്തെ നീക്കിയിരുപ്പ് -₹1971639 ഉൾപ്പെടെ) |
| | | | 4)1/17, പി.എം.എ.വൈ പദ്ധതി (ജനറൽ) | 0 | |
| | | | 5)2/17, പി.എം.എ.വൈ പദ്ധതി (എസ്.സി.പി) | 0 | |
| ഗ്രാമ പഞ്ചായത്തുകൾ | | 7460000 | 1)ഐ.എ.വൈ പദ്ധതി അധിക വിഹിതം നൽകൽ (എസ്.സി.പി) | 1039290 | 6420710 |

## **4-2** <u>നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ</u>

## വിവരങ്ങൾ

വിവിധ പ്രവൃത്തികൾക്കായി തൻവർഷം 500000/-രൂപ കേരള ജല അതോറിറ്റിയിലും, 81284/-രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിലും നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ/ ചെക്ക് നം. | അനുവ ദിച്ച തുക | ചെലവ ഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| കേരള ജല അതോറിറ്റി, പി എച്ച് ഡിവിഷൻ, പാലക്കാട് | 64/17, കച്ചേരിപ്പാറ കുടിവെള്ള പദ്ധതി നെന്മാറ | 21/ 31.03.17 | 500000 | വിവരം ലഭ്യമായി ട്ടില്ല | പൂർത്തീകരി ച്ചിട്ടില്ല | 500000 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 101/17, സമ്പൂർണ്ണ വൈദ്യുതീ കരണം | 26/ 23-3-17 | 81284 | " " | " " | 81284 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഒന്നുമില്ല

## 4-4 വായ്പയുടെ വിവരം

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മീൻവല്ലം ജലവൈദ്യുത പദ്ധതി-ഓഹരികൾ | 1000000 |
| ആകെ | 1000000 |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | ഓഡിറ്റ് റിപ്പേർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക അടവാക്കിയത് | ഈടാക്കിയ തുക | ചലാൻ നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | 2015-16 | 3-1 | ശ്രീ.സി.ബി.മനോജ് കുമാർ<br>അസി.എക്സി. എഞ്ചിനീയർ | 80734 | 10791/ 17-2-2017<br>സബ് ട്രഷറി, കൊല്ലങ്കോട് |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുൻബാക്കി ഉൾപ്പെടെ) | ₹.121819605 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹.85116946 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.54153 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13 | | 21932/-<br>(fine) | സി.ബി.മനോജ്കുമാർ,<br>അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| 3-17 | | 32221 | സി.ബി.മനോജ്കുമാർ,<br>അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| | ആകെ | 54153 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം 3-14 - രൂപ 134184

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി.ബി. മനോജ്കുമാർ, അസിസ്റ്റന്റ് | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, | അമ്പാടി ഹൗസ്, പൊന്നുകെട്ടിയ പാറ, കൊല്ലങ്കോട്, പാലക്കാട് |

| | | |
|---|---|---|
| എക്സിക്യൂട്ടിവ് എഞ്ചിനീയർ | നെമ്മാറ ബ്ലോക്ക് പഞ്ചായത്ത് | ജില്ല, പിൻ-678506 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP10/1121/01/31.10.01 | ഫർദർറിമാർക്സ് |
| 1997-98 | LFP10/993/02/12.11.12 | " |
| 1998-99 | LFP6/785/05/16.6.06 | " |
| 1999-00 | LFP8/1840/08/7.6.10 | |
| 2000-01 | LFP8/1841/08/7.6.10 | " |
| 2001-02 | LFP13/198/05/16.12.05 | " |
| 2002-03 | LFP8/1843/08/6.9.10 | " |
| 2003-04 | LFP8/1843/08/6.9.10 | " |
| 2004-05 | LFP8/1844/08/6.9.10 | " |
| 2005-06 | LFP8/1272/11/7.2.12 | " |
| 2006-07 | LFP8/1290/11/ 2.2.12 | " |
| 2007-08 | LFP8/1290/11(1)/3.2.12 | " |
| 2008-09 | LFP8/2057/12/31.12.12 | " |
| 2009-10 | LFP8/786/13/31.12.13 | " |
| 2010-11 | LFP8/786/13/31.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP8/2242/14/9.4.15/6.6.15 | " |
| 2012-13, 2013-14, 2014-15 | കെ.എസ്.എ-പി.കെ.ഡി/8-229/16 തീയതി-04-04-2016 | " |
| 2015-16 | കെ.എസ്.എ-പി.കെ.ഡി/8-338/17 തീയതി-10-04-2017 | ഓഡിറ്റ് റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.